പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.191 — 02.03.2020 ൽ മറുപടിക്ക്

## രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങളുടെ ലഭ്യത

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കുട്ടികൾ ഉൾപ്പെടെയുള്ള ഹീമോഫീലിയ രോഗികൾക്ക്, രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഫാക്ടർ എട്ടും ഒൻപതും ഘടകങ്ങൾ ലഭ്യമാക്കുന്നതിലേക്കുള്ള രജിസ്ട്രേഷൻ നടപടികൾ നിലവിൽ നടത്തുന്നുണ്ടോയെന്നറിയിക്കുമോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിലെ 03.07.2019 വരെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾക്ക് 31.03.2020 വരെ നിലവിലെ സ്ഥിതിയിൽ ചികിത്സാ ആനുകൂല്യം തുടരുന്നതാണ്. ഇതിനു ശേഷം പുതുതായി രജിസ്റ്റർ ചെയ്യുന്നവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നടപടി കൈക്കൊള്ളാൻ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ ചുമതലപ്പെടുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന ഘടകങ്ങൾ ലഭിക്കുന്നതിനായി ഹീമോഫീലിയ രോഗികൾ ആശ്രയിച്ചിരുന്ന കാരുണ്യ ബെനവലൻറ് ഫണ്ട് സഹായം 2020 മാർച്ച് 31 ന് ശേഷവും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള സഹായം 2020 മാർച്ച് 31 ന് ശേഷവും തുടരുന്നതാണ്. |

Hari

സെക്ഷൻ ഓഫീസർ